ഇവരിൽ എത്ര കുടുംബങ്ങൾ യഥാർത്ഥത്തിൽ ദാരിദ്ര്യ വിമുക്തമാക്കപ്പെട്ടു എന്നറിയുന്നതിനായി ഒരു സർവ്വേ നടന്നുകൊണ്ടിരിക്കുകയാണ്.

പള്ളിക്കൽ പഞ്ചായത്തിലെ തൊഴിലില്ലാത്ത ഹരിജനങ്ങൾ

1515. [2270] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ മണ്ഡലത്തിൽ പള്ളിക്കൽ പഞ്ചായത്തിൽ തൊഴിലില്ലാത്ത പട്ടിക ജാതി പട്ടികവർഗക്കാർ എത്ര;

(ബി) ഇവർക്കുവേണ്ട ഏതെങ്കിലും പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുമോ ?

ഉത്തരം

(എ) ഈ പഞ്ചായത്തിൽ പട്ടികവർഗക്കാർ ഇല്ല. പട്ടികജാതിക്കാരെ സംബന്ധിച്ചിടത്തോളം പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല.

(ബി) പട്ടികജാതിക്കാരുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ ഇപ്പോൾ തന്നെ താഴെപ്പറയുന്ന പരിപാടികൾ നടപ്പിലാക്കുന്നുണ്ട്.

1. സ്വയം തൊഴിൽ കണ്ടെത്തുവാനുള്ള വിവിധ സ്കീമുകൾക്കായി പലിശ രഹിത വായ്പ നല്കുന്നു.

2. സാങ്കേതിക പരിശീലനം ലഭിച്ചിട്ടുള്ളവർക്ക് സ്വയം തൊഴിൽ കണ്ടെത്താനായി മാർജിൻമണി സ്കീം അനുസരിച്ച് ധനസഹായം നൽകുന്നു. ഈ പദ്ധതി പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻവഴിയാണ് ഇപ്പോൾ നടപ്പാക്കുന്നത്.

3. ഇതുകൂടാതെ വിവിധ വകുപ്പുകൾ പ്രത്യേക ഘടക പദ്ധതി പ്രകാരം പട്ടികജാതിക്കാർക്കായി സ്വയം തൊഴിൽ കണ്ടെത്താൻ വായ്പയും മറ്റു ധനസഹായങ്ങളും നല്കിവരുന്നുണ്ട്.

പഴയകുന്നുമ്മേൽ പഞ്ചായത്തിലെ ഹരിജൻ സെറ്റിൽമെന്റ് കോളനികൾ

1516. [2271] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ നിയോജക മണ്ഡലത്തിലെ പഴയകുന്നുമ്മേൽ പഞ്ചായത്തിൽ 1981-ലെ ജനസംഖ്യ അനുസരിച്ച് എത്ര പട്ടികജാതി-പട്ടിക വർഗക്കാർ ഉണ്ടെന്നു വ്യക്തമാക്കാമോ ;

(ബി) അവിടെ ഇതിനകം അംഗീകരിക്കപ്പെട്ടിട്ടുള്ള ഹരിജൻ സെറ്റിൽമെന്റ് കോളനികൾ എത്ര ;

(സി) ഈ വർഷം ഇനിയും പുതിയതായി അവിടെ കോളനികൾ ഏതെങ്കിലും അംഗീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഇ) ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്ത് ?

ഉത്തരം

(എ) വ്യക്തമാക്കാം
പട്ടികജാതിക്കാർ—4117
പട്ടികവർഗക്കാർ—46

(ബി) 12 (പന്ത്രണ്ട്)

LIBRARY ARCHIVES Kerala Legislative Assembly

(സി, ഡി, & ഇ) ഓരോ പ്രദേശത്തും അധിവസിക്കുന്ന ഹരിജൻ കുടുംബങ്ങളുടെ എണ്ണവും ടി പ്രദേശത്തിന്റെ സാമ്പത്തിക പിന്നോക്കാവസ്ഥയും മുൻഗണനയ്ക്ക് മാനദണ്ഡമായി സ്വീകരിച്ച് ജില്ലാ കളക്ടർ ചെയർമാനായുള്ള അതാതു ജില്ലാതലവർക്കിംഗ് ഗ്രൂപ്പാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടതെ.

പള്ളിക്കൽ പഞ്ചായത്തിലെ ഹരിജൻ സെറ്റിൽമെന്റ് കോളനികൾ

1517. [2272] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ നിയോജക മണ്ഡലത്തിലെ പള്ളിക്കൽ പഞ്ചായത്തിൽ 1981-ലെ ജനസംഖ്യ അനുസരിച്ച് എത്ര പട്ടികജാതി-പട്ടികവർഗ്ഗക്കാർ ഉണ്ടെന്നു വ്യക്തമാക്കാമോ ;

(ബി) അവിടെ ഇതിനകം അംഗീകരിക്കപ്പെട്ടിട്ടുള്ള ഹരിജൻ സെറ്റിൽമെന്റ് കോളനികൾ എത്ര ;

(സി) ഈ വർഷം ഇനിയും പുതുതായി അവിടെ കോളനികൾ ഏതെങ്കിലും അംഗീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഇ) ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്ത് ?

ഉത്തരം

(എ) വ്യക്തമാക്കാം.

പട്ടികജാതിക്കാർ—1563

പട്ടികവർഗ്ഗക്കാർ—ഇല്ല.

(ബി) 8 (എട്ട്)

(സി, ഡി, & ഇ) ഓരോ പ്രദേശത്തും അധിവസിക്കുന്ന ഹരിജൻ കുടുംബങ്ങളുടെ എണ്ണവും ടി പ്രദേശത്തിന്റെ സാമ്പത്തിക പിന്നോക്കാവസ്ഥയും മുൻഗണനയ്ക്കു മാനദണ്ഡമായി സ്വീകരിച്ച് ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാ തല വർക്കിംഗ് ഗ്രൂപ്പാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടതെ.

കിളിമാനൂർ പഞ്ചായത്തിലെ ഹരിജൻ സെറ്റിൽമെന്റ് കോളനികൾ

1518. (2273) ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ അസംബ്ലി നിയോജക മണ്ഡലത്തിലെ കിളിമാനൂർ പഞ്ചായത്തിൽ 1981-ലെ ജനസംഖ്യ അനുസരിച്ച് എത്ര പട്ടികജാതി പട്ടികവർഗ്ഗക്കാർ ഉണ്ടെന്നു വ്യക്തമാക്കാമോ ;

(ബി) അവിടെ ഇതിനകം അംഗീകരിക്കപ്പെട്ടിട്ടുള്ള ഹരിജൻ സെറ്റിൽമെന്റ് കോളനികൾ എത്ര ;

(സി) ഈ വർഷം ഇനിയും പുതുതായി അവിടെ കോളനികൾ ഏതെങ്കിലും അംഗീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഇ) ഇല്ലെങ്കിൽ അതിന്റെ കാരണമെന്ത് ?

ഉത്തരം

(എ) വ്യക്തമാക്കാം.

LIBRARY ARCHIVES Kerala Legislative Assembly